## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4032** — **16.03.2017**-ൽ മറുപടിയ്ക്ക്

### വേടർ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടികൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വേടൻ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | വേടൻ സമുദായത്തെ സംസ്ഥാന പട്ടികജാതിപ്പട്ടികയിൽ നിന്നൊഴിവാക്കി പട്ടിക വർഗ്ഗപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് രണ്ട് പ്രാവശ്യം ശുപാർശ സമർപ്പിച്ചിരുന്നു. എന്നാൽ പട്ടികവർഗ്ഗപ്പട്ടികയിൽ ഉൾപ്പെടുവാൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ടി സമുദായം പുലർത്തുന്നില്ലെന്ന രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ടി ശുപാർശകൾ കേന്ദ്ര സർക്കാർ നിരസിക്കുകയാണുണ്ടായത്. |
| (ബി) | വേടൻ സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിർത്താഡ്സിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | കിർത്താഡ്സ് ഇതിനകം പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | കിർത്താഡ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ഡി) | നിലവിൽ പട്ടികജാതി വിഭാഗമായ വേടൻ സമുദായത്തിന് പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; | (ഡി) | ഇല്ല |
| (ഇ) | വേടൻ സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഇ) | ഭരണഘടന പ്രകാരം ഒരു സമുദായത്തെ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത് പാർലമെന്റാണ്. വേടൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നുമാറ്റി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നെങ്കിലും നിലവിലുള്ള 'approved modalities' പാലിയ്ക്കുന്നില്ലെന്ന കാരണത്താൽ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ ആയത് നിരസിയ്ക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ